## പതിനാലാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

07.06.2018-ന് മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1365

### അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന സ്കൂളുകൾ

**ചോദ്യം**

ശ്രീ.കെ. ബാബു

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ്, അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് ഫണ്ട് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) നിർമ്മാണവുമായി ബന്ധപ്പെട്ട് ഓരോ സ്കൂളിലും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഓരോ സ്കൂളിലേയും നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ) (ബി) & (സി) നെന്മാറ നിയോജക മണ്ഡലത്തിലെ നെന്മാറ ഗവ.ബി. എച്ച്.എസിന്റെ പുനർനിർമ്മാണത്തിനായി കിഫ്ബിയുടെ അഞ്ചുകോടിരൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി, ആർ.പി.പി ഇൻഫ്രായെ പ്രവൃത്തി ഏൽപ്പിച്ചിട്ടുണ്ട്. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പദ്ധതിയായ കിഫ്ബിയുടെ മൂന്നുകോടി രൂപയിലുൾപ്പെടുത്തി ജി.എച്ച്.എസ്.എസ് കൊടുവായൂരിന് 3.45 കോടി രൂപയ്ക്ക് (മൂന്നുകോടി നാൽപ്പത്തഞ്ച് ലക്ഷം രൂപ മാത്രം) കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ട്. ഈ സ്കൂളിന് ടെണ്ടർ വിളിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മുതലമട ജി.എച്ച്.എസ്.എസിന്റെ ഡി.പി.ആർ. സർക്കാരിന്റെ പരിഗണനയിലാണ്.

Namitha
സെക്ഷൻ ഓഫീസർ